പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8213 — 17.07.2014 -ലെ മറുപടിക്ക്.

## വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷനുകൾ

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികളാണ് ഉള്ളത്, ഇവർക്ക് പെൻഷൻ നല്കാൻ ഒരു വർഷം എത്ര രൂപ ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ; | (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമ പദ്ധതികളിലായി പെൻഷന് അർഹതയുള്ള 8,53,131 തൊഴിലാളികൾ ഉണ്ട്. ഇതിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നീ ക്ഷേമ പദ്ധതികൾ സർക്കാർ ധനസഹായമില്ലാതെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷൻ നല്കി വരുന്നത്. മറ്റ് എല്ലാ ക്ഷേമ പദ്ധതികളും സർക്കാർ ധനസഹായ ത്തോടെയാണ് പെൻഷൻ നല്കി വരുന്നത്. ഇതിന് ഏകദേശം 406 കോടി രൂപ ആവശ്യമായി വരും. |
| (ബി) വർദ്ധിപ്പിച്ച പെൻഷന്റെ ആനുകൂല്യം എന്ന് മുതലാണ് ലഭിക്കുന്നത് ; നിലവിലെ പെൻഷൻ എത്രയാണ് ; | (ബി) ക്ഷേമനിധി പെൻഷൻ 01/04/2013 മുതൽ 500/- രൂപ നിരക്കിലാണ് നല്കി വരുന്നത്. 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ കർഷക തൊഴിലാളി പെൻഷൻ 600/- രൂപയായി വർദ്ധിപ്പിച്ച് നല്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) പെൻഷൻ കുടിശ്ശികയായതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>(ഡി) അടുത്ത ഗഡു പെൻഷൻ എന്നുമുതൽ വിതരണം ചെയ്യും ? | (സി & ഡി) തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തികമായി സുസ്ഥിരമായ 5 ക്ഷേമനിധി ബോർഡുകൾ ഒഴികെ മറ്റുള്ളവയ്ക്ക് പെൻഷൻ നല്കുന്ന കാര്യം പരിഗണനയിലാണ്. ആയതിന്മേൽ തീരുമാനമായിട്ടില്ല. |

Deepa

സെക്ഷൻ ഓഫീസർ